"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: ജി1/17820/2015

ചാക്ക, തിരുവനന്തപുരം
തീയതി: 14.10.2015

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- 2016 ജനുവരി മാസത്തിലെ അഖിലേന്ത്യാ സപ്ലിമെന്ററി ട്രേഡ് ടെസ്റ്റ് (പഴയ സമ്പ്രദായം) -മുൻ വർഷങ്ങളിൽ പരീക്ഷ എഴുതി പരാജയപ്പെട്ട റഗുലർ/ പ്രൈവറ്റ് ട്രെയിനികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

--------

1. സംസ്ഥാനത്തെ വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് 2016 ജനുവരി മാസം നടത്തപ്പെടുന്ന അഖിലേന്ത്യാ സപ്ലിമെന്ററി ട്രേഡ് ടെസ്റ്റ് (പഴയ സമ്പ്രദായം) എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിച്ചിട്ടുള്ള ട്രേഡുകളിൽ പരീക്ഷയെഴുതി തോറ്റുപോയ റഗുലർ/ പ്രൈവറ്റ് ട്രെയിനികളിൽ നിന്ന് അവർ വീണ്ടും പരീക്ഷയെഴുതാൻ ആഗ്രഹിക്കുന്ന പക്ഷം നിശ്ചിത ഫോറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്.

2. സപ്ലിമെന്ററി ട്രേഡ് ടെസ്റ്റിന് അപേക്ഷിക്കുന്ന റഗുലർ ട്രെയിനികൾ പരീക്ഷാ ഫീസ് ഇനത്തിൽ 150/- (നൂറ്റി അൻപത് രൂപ മാത്രം) സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ "0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ ഒടുക്കി ചെല്ലാന്റെ അസ്സൽ പകർപ്പ് സഹിതം അപേക്ഷ സമർപ്പിക്കണം. പ്രൈവറ്റായി പരീക്ഷയെഴുതി തോറ്റ് വീണ്ടും അപേക്ഷിക്കുന്നവർക്ക് ഫീസിനത്തിൽ അടയ്ക്കേണ്ട തുക 1000/- രൂപയാണ്. എല്ലാ വിവരങ്ങളും ഉൾപ്പെടെ പൂരിപ്പിച്ച അപേക്ഷ ***12-11-2015 വൈകുന്നേരം 5*** മണിക്ക് മുമ്പായി ബന്ധപ്പെട്ട ഐ.ടി.ഐ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് സമർപ്പിച്ചിരിക്കണം.

3. അപേക്ഷകൾ ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി സൂക്ഷ്മ പരിശോധന നടത്തിയ ശേഷം അപേക്ഷകരുടെ ലിസ്റ്റിന്റെ രണ്ടു പകർപ്പു സഹിതം 17-11-2015 നു മുമ്പായി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ എത്തിച്ചിരിക്കണം. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ലായെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ സർക്കാർ ഐ.ടി.ഐ /പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്.

പകർപ്പ്:-1. ഡി.റ്റി യുടെ സി.എ/എ.ഡി.റ്റി/എസ്.എസ്. (ജി)/കരുതൽ ഫയൽ (ജി1)
2. ട്രെയിനിംഗ് ആഫീസർമാർ/ ട്രെയിനിംഗ് ഇൻസ്പെക്ടർമാർ
3. ഡി.ഡി.റ്റി /ടി.ടി.ഒ
4. വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/15.10

വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ.ജി1/17820/2015

ചാക്ക, തിരുവനന്തപുരം
തീയതി: 14.10.2015

**നിർദ്ദേശങ്ങൾ**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- 2016 ജനുവരി മാസത്തിലെ അഖിലേന്ത്യാ സപ്ലിമെന്ററി ട്രേഡ് ടെസ്റ്റ് (പഴയ സമ്പ്രദായം) - മുൻവർഷങ്ങളിൽ പരീക്ഷ എഴുതി പരാജയപ്പെട്ട ട്രെയിനികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചത് - അപേക്ഷകൾ അയയ്ക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

1. സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ കളിൽ വച്ച് 2016 ജനുവരി മാസം നടത്തപ്പെടുന്ന അഖിലേന്ത്യാ സപ്ലിമെന്ററി ട്രേഡ് ടെസ്റ്റിന് എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിച്ചിട്ടുള്ള ട്രേഡുകളിൽ പരീക്ഷയെഴുതി തോറ്റിട്ടുള്ള ട്രെയിനികൾ, പ്രൈവറ്റായി പരീക്ഷയെഴുതി തോറ്റിട്ടുള്ളവർ എന്നിവരിൽ നിന്നുമാണ് അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നത്. ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുന്നതോ മറ്റൊരു പരീക്ഷയ്ക്ക് വകയിരുത്തുന്നതോ അല്ല. പ്രാക്ടിക്കൽ പരീക്ഷയ്ക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കേണ്ടി വരുന്ന ട്രെയിനികൾ 100/- രൂപ ജാമ്യ നിക്ഷേപ തുകയായി പ്രാക്ടിക്കൽ ടെസ്റ്റിനു മുമ്പ് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ ഏൽപ്പിക്കേണ്ടതും ടെസ്റ്റിന് ശേഷം ബാദ്ധ്യതകൾ ഉണ്ടാക്കിയിട്ടില്ലാത്തപക്ഷം പ്രസ്തുത ജാമ്യത്തുക തിരികെ നൽകുന്നതുമാണ്. ഒരു വിഷയത്തിനായാലും ആകെ വിഷയങ്ങൾക്കായാലും പരീക്ഷാ ഫീസിനത്തിൽ അടയ്ക്കേണ്ട തുകയിൽ മാറ്റമില്ല. പരീക്ഷാ ഫീസ് ഇനത്തിൽ റഗുലർ ട്രെയിനികൾ 150/-രൂപയും പ്രൈവറ്റ് ട്രെയിനികൾ 1000/- രൂപയുമാണ് ഒടുക്കേണ്ടത്.

2. പരിശീലനം പൂർത്തിയാക്കിയതോ, ആദ്യമായി ട്രേഡ് ടെസ്റ്റ് എഴുതിയതോ ആയ സർക്കാർ ഐ.ടി.ഐ/പ്രൈവറ്റ് ഐ.ടി.ഐയിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. പരീക്ഷാകേന്ദ്രം യാതൊരു കാരണവശാലും മാറ്റി നൽകുന്നതല്ല. എന്നാൽ വ്യാവസായ തൊഴിലാളി വിഭാഗത്തിൽപ്പെട്ട ട്രെയിനികളുടെ പരീക്ഷാകേന്ദ്രത്തിൽ മാറ്റം ഉണ്ടാകാവുന്നതും ആ വിവരം മുൻകൂട്ടി ട്രെയിനികളെ അറിയിയ്ക്കുന്നതുമാണ്. എൻ.സി.വി.റ്റി അഫിലിയേറ്റ് ചെയ്ത ട്രേഡിലെ ട്രെയിനികളാണ് അപേക്ഷ സമർപ്പിക്കേണ്ടത്. എല്ലാ വിവരങ്ങളും ഉൾപ്പെട്ട പൂരിപ്പിച്ച അപേക്ഷ 12-11-2015 ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി ബന്ധപ്പെട്ട സർക്കാർ ഐ.ടി.ഐ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കണം. നിശ്ചിത തിയതി കഴിഞ്ഞ് ലഭിക്കുന്നതോ അപൂർണ്ണമായതോ , എസ്.എസ്.എൽ.സിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യാത്തതോ അപേക്ഷകന്റെ ഒപ്പ് ഇല്ലാത്തതോ ചെല്ലാന്റെ അസ്സൽ പകർപ്പില്ലാത്തതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

3. ഒരു ട്രെയിനിയ്ക്ക് ആദ്യത്തെ അവസരം മുതൽ തുടർച്ചയായ മൂന്ന് വർഷക്കാലത്തിനുള്ളിൽ ആകെ ആറ് തവണ മാത്രമേ പരീക്ഷയ്ക്കിരിക്കാൻ അനുമതി നൽകുകയുള്ളു. ഇത് ഗവ: ഐ.ടി.ഐ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ പരിശോധിച്ച് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രമേ അപേക്ഷയിലെ വെരിഫിക്കേഷൻ റിപ്പോർട്ടിൽ ഒപ്പ് വയ്ക്കാവൂ. ആയതിൽ പ്രത്യേക ശ്രദ്ധ പതിയിക്കേണ്ടതാണ്. വെരിഫിക്കേഷൻ റിപ്പോർട്ട് ഇല്ലാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.

4. തോറ്റ് വീണ്ടും പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവരുടെ വിവരങ്ങൾ ബന്ധപ്പെട്ട ഗവ ഐ.ടി.ഐ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ പരിശോധിച്ച് അർഹത ഉറപ്പു വരുത്തി , അപേക്ഷാഫോറം സാക്ഷ്യപ്പെടുത്തേണ്ടതും , അപേക്ഷയും ഓരോ ട്രേഡിനും പ്രത്യേകം തയ്യാറാക്കിയ ലിസ്റ്റും ഉൾപ്പെടെ ഈ ഓഫീസിൽ 17-11-2015 ന് മുൻപായി എത്തിക്കേണ്ടതാണ്. ലിസ്റ്റിലെ റിമാർക്ക് കോളത്തിൽ അപേക്ഷകൻ പരീക്ഷ എഴുതുന്ന വിഷയങ്ങൾ ഏതെല്ലാമാണെന്ന് പ്രത്യേകം സൂചിപ്പിച്ചിരിക്കണം.

5. മുൻപ് എഴുതി പാസ്സായിട്ടുള്ള വിഷയങ്ങളിലെ മാർക്ക്/റോൾനമ്പർ/വർഷം /സെഷണൽ മാർക്ക് എന്നിവ അപേക്ഷയിൽ എഴുതിയിരിക്കുന്നത് 'ബി' ഫോമുമായി ഒത്തുനോക്കി ശരിയാണെന്ന് പ്രിൻസിപ്പാൾമാർ ഉറപ്പ് വരുത്തേണ്ടതാണ്.

6. ഗവൺമെന്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ട്രെയിനികളിൽ നിന്നും സ്വീകരിക്കുന്ന ചെല്ലാൻ ഫയലിൽ സൂക്ഷിക്കേണ്ടതും.ഈ വിവരം അപേക്ഷ , ലിസ്റ്റ് എന്നിവയോടൊപ്പം അയയ്ക്കുന്ന ഉപരി പത്രത്തിൽ (കവറിംഗ് ലെറ്റർ) പ്രത്യേകം സൂചിപ്പിക്കേണ്ടതുമാണ്. താമസിച്ച് ഫീസടച്ചിട്ടുള്ളതും , നിശ്ചിത തുകയിലും കുറച്ച് അടച്ചിട്ടുള്ളതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

7. പരീക്ഷയുടെ തിയതിയും സമയവും എൻ.സി.വി.റ്റി അറിയിയ്ക്കുന്ന മുറയ്ക്ക് പ്രിൻസിപ്പാൾമാരെ അറിയിക്കുന്നതാണ്.

8. ഗവൺമെന്റ് /പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ട്രെയിനികളുടെ ലിസ്റ്റും നിലവിലുള്ള ട്രേഡുകൾക്ക് അഫിലിയേഷൻ ലഭിച്ച ഉത്തരവ് നമ്പർ, തീയതി എന്നിവയും പരീക്ഷ എഴുതുന്ന ട്രെയിനികളുടെ അഡ്മിഷൻ ക്ലോസ് ചെയ്തിട്ടുള്ള ലിസ്റ്റിന്റെ പകർപ്പും അപേക്ഷകളോടൊപ്പം അയച്ചിരിക്കേണ്ടതാണ്.

9. അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടോ എന്ന് പ്രിൻസിപ്പാൾമാർ ഉറപ്പാക്കേണ്ടതാണ്.

10. പരീക്ഷാ നടപടിക്രമങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ചിരിക്കുന്നതിനാൽ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(എ) അപേക്ഷയിലെ വിവരങ്ങൾ ട്രെയിനിയെ സംബന്ധിച്ച് തീർത്തും ശരിയാണെന്ന് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഉറപ്പു വരുത്തണം. കാരണം ടി വിവരങ്ങളാണ് ബി ഫോറത്തിലും സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തി വരുന്നത്. ഒരിക്കൽ രേഖപ്പെടുത്തിയ വിവരങ്ങളിൽ മാറ്റം വരുത്താൻ സാധിക്കുന്നതല്ല.

(ബി) അപേക്ഷയിൽ പറയുന്ന ട്രെയിനിയുടെ വിവരങ്ങളനുസരിച്ച് തയ്യാറാക്കിയതും ഫോട്ടോ പതിപ്പിക്കാത്തതുമായ നമ്പരിട്ട ഹാൾടിക്കറ്റായിരിക്കും ഡയറക്ടറേറ്റിൽ നിന്നും വിതരണം ചെയ്യുന്നത്. അവ ഫോട്ടോ പതിപ്പിച്ച് ഗവൺമെന്റ് ഐ.ടി.ഐ / പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾ അറ്റസ്റ്റ് ചെയ്ത് ട്രെയിനികൾക്ക് നൽകേണ്ടതാണ്.

(സി) ഇതിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന മാതൃകയിലുള്ള അപേക്ഷാഫാറം എ4 സൈസിലുള്ള വെള്ളക്കടലാസിൽ വേണം സമർപ്പിക്കുവാൻ. ടി മാതൃകയിലുള്ള അപേക്ഷാഫാറം അല്ലെങ്കിൽ അപേക്ഷ നിരസിക്കാവുന്നതാണ്.

(ഡി)അപേക്ഷകൾ പരീക്ഷാവിഭാഗം ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ (ശ്രീ.ബി.ബാലചന്ദ്രൻ, ഡെപ്യൂട്ടി ഡയറക്ടർ, (ട്രെയിനിംഗ് ഡയറക്ടറേറ്റ് അനക്സ്, പരീക്ഷാ വിഭാഗം, ചാക്ക ഐ.ടി.ഐ കാമ്പസ്, തിരുവനന്തപുരം-7) നേരിട്ട് അയച്ചു തരേണ്ടതാണ്. കവറിനു പുറത്ത് ''ജനുവരി 2016 സപ്ലിമെന്ററി പരിക്ഷകൾക്കുള്ള അപേക്ഷകൾ'' എന്നു വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

11. പ്രസ്തുത വിജ്ഞാപനം ട്രെയിനികളുടെ അറിവിലേക്കായി ഐ.ടി.ഐ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഐ.ടി.ഐ./പ്രൈവറ്റ്, ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- 1. ഡി.റ്റിയുടെ സി.എ/എ.ഡി.റ്റി/ Special Officer (STI)/ ADT (SPIU)/ ഡി.ഡി.റ്റി/ട്രെയിനിംഗ് ഇൻസ്പെക്ടർമാർ/ ട്രെയിനിംഗ് ഓഫീസർമാർ/ ഡയറക്ടർ പട്ടികജാതി വികസനവകുപ്പ് /ജോയിന്റ് ഡയറക്ടർ /റീജിയണൽ ജോയിന്റ് ഡയറക്ടർ, കണ്ണൂർ / ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്)/DSA/ AO-1/FO/SS(G)/SF (G1)

എസ്സ്/15.10

## LICATION FOR THE ALL INDIA TRADE TEST (OLD SCHEME) TO BE HELD IN JANUARY 2016

(Attach attested copy of SSLC, All enteries are in Block Letters only)

1 Name of Govt./Pvt.ITI where the trainee has undergone training :

2 Trade :

3 Name of Applicant :

4 Full Address :

5 Name of Father / Guardian :

6 Date of Birth :

7 Category (To be indicated with Tick Mark) :

| Gen | SC | ST | OBC |
|---|---|---|---|
| | | | |

Affix Photograph attested by Principal

8 Male / Female (To be indicated with Tick Mark) : M F

9 Period of Taining (If re-admited mention the period of re-admission and the order must be attached) : From February/August ……………… To January/July ……………………..

10 Month & year of first appearance :

11 Roll No. and Year of the Trade Test last appeared :

12 Total number of chances availed including First appearance :

13 Subject / Subjects for which the Candidate desired to appear

1

2

3

4

14 Details of subjects passed in the previous Trade Test :-

| Sl. No | Subject | Roll No | Month | Year | Marks obtained in written test (Excluding sessional) | Sessional Marks of passed subjects |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

15 Details of Failed subjects : -

| Sl. No | Subject | Roll No | Month &Year | Sessional Marks of each failed subjects |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |

## DECLARATION

I do here by declare that the information furnished above are true to the best of my knowledge and belief. I do understand that I have only six chances to appear for the test within a period of three years on sucsssesful completion of my training and I agree to attend the trade test at the Centre allotted by the Director of Training. And also aware that I should secure 80% of attendance to appearing the Trade Test.

Date :

Name and Signature of the Applicant

## VERIFICATION REPORT OF THE PRINCIPAL

| | | | |
|---|---|---|---|
| (i) | Details of remittance of fees (In the case of pvt. ITI Chalan in original to be Attached with the application) | Chalan No & Date :<br>Name of Treasury :<br>Amount : | |
| (ii) | Unit wise Affiliation Order No. of DGET with date | : | |
| (iii) | Total affiliated unit in the Trade | : | |
| (iv) | Admission No. with date, period of Training (if re-admission mentioned the details ) | : | |
| (v) | Total number of trainees admitted in the Trade as per admission closing list | : | |
| (vi) | Serial number of the applicant in the Admission closing list | : | |

I hereby certify that, the details furnished by the candidate are correct as per office records. I declare that the candidate has acquired the required training from an affiliated unit and his period of training is found to be true and that he/she is a member of the group of trainees whose admission has been enclosed. I recommended his candidature. The Character of the Trainee is ..........................

Place:

Date:

Signature of the Principal

(Office Seal)

NB :- The details in Column 1 to 15 of the trainee should be verified by the principal of Govt. /Pvt. ITI and then carefully fill the above column's (i) to (vi). Without the above details the application will be rejected without any notice.

## Directorate verification

1. Fee remitted :
2. Affiliation Status :
3. Admission closing list :

**DEPUTY DIRECTOR OF TRAINING**